**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1059** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഒഴിഞ്ഞു കിടക്കുന്ന അധ്യാപക തസ്തികകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എത്ര അധ്യാപക തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്;

**<u>മറുപടി:</u>** സംസ്ഥാനത്തെ സർക്കാർ എൽ.പി., യുപി., ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലായി ആകെ 2734 അധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

സംസ്ഥാനത്തെ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ എച്ച്.എസ്.എസ്.ടി. തസ്തികയിൽ 225 ഒഴിവുകളും എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിൽ 713 ഒഴിവുകളും നിലവിലുണ്ട്.

നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്ന വൊക്കേഷണൽ ടീച്ചർ തസ്തികയിൽ 378 ഒഴിവുകളും വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിൽ 156 ഒഴിവുകളും നിലവിലുണ്ട്.

നിയമനനിരോധനം ബാധകമല്ലാത്ത നോൺവൊക്കേഷണൽ ടീച്ചർ ജൂനിയർ തസ്തികയിൽ 14 ഒഴിവുകളും നോൺവൊക്കേഷണൽ ടീച്ചർ സീനിയർ തസ്തികയിൽ 4 ഒഴിവുകളും നിലവിലുണ്ട്.

**(ബി)** ഇതിൽ എൽ.പി., യു.പി., ഹൈസ്കൂൾ എന്നിവയിലെ ഒഴിവുകൾ പ്രത്യേകം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** എൽ.പി., യു.പി., ഹൈസ്കൂൾ അധ്യാപക തസ്തികകളുടെ ജില്ല തിരിച്ചുള്ള ഒഴിവ് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(സി)** ഒഴിഞ്ഞു കിടക്കുന്ന അധ്യാപക തസ്തികകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ ?

**<u>മറുപടി:</u>** സംസ്ഥാനത്തെ സർക്കാർ എൽ.പി.,യു പി., ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലായി ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ ക്രമപ്രകാരം നിശ്ചിത ശതമാനം ഒഴിവുകൾ പി. എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എ സ്.സി. നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. 2026 - 27 വർഷത്തെ തസ്തികനിർണ്ണയ നടപടികൾ പൂർത്തിയാക്കി തസ്തിക നഷ്ടപ്പെട്ട അധ്യാപകരെ ക്രമീകരിച്ചതിനു ശേഷം മാത്രമേ ചട്ടപ്രകാരമുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത് ഒഴിവുകൾ നികത്തുന്നതാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ എന്നീ

തസ്തികകൾ വാനിഷിങ് കാറ്റഗറിയിൽ പെടുന്നതായതിനാൽ സ്ഥിരനിയമനം നടത്തുന്നില്ല. മറ്റു തസ്തികകളിൽ ഡെപ്യൂട്ടേഷൻ, ശൂന്യവേതനാവധി പൂർത്തിയാകാറായ അധ്യാപകരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനായി മാറ്റിവെച്ച ഒഴിവുകൾ ഒഴികെയുള്ളവ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എച്ച് എസ് എസ് റ്റി, എച്ച് എസ് എസ് റ്റി (ജൂനിയർ) തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ, പി എസ് സി മുഖേനയും തസ്തിക മാറ്റം മുഖേനയും നികത്തുന്നതിന് സമയബന്ധിത നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## എൽ.പി., യു.പി., ഹൈസ്കൂൾ അധ്യാപക തസ്തികകളുടെ ജില്ല തിരിച്ചുള്ള ഒഴിവ് വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | എൽ.പി | യു.പി | ഹൈസ്കൂൾ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 65 | 113 | 151 |
| 2 | കൊല്ലം | 67 | 58 | 78 |
| 3 | പത്തനംതിട്ട | 43 | 13 | 21 |
| 4 | ആലപ്പുഴ | 44 | 45 | 50 |
| 5 | കോട്ടയം | 62 | 45 | 51 |
| 6 | ഇടുക്കി | 15 | 7 | 19 |
| 7 | എറണാകുളം | 76 | 85 | 43 |
| 8 | തൃശ്ശൂർ | 59 | 54 | 84 |
| 9 | പാലക്കാട് | 11 | 22 | 51 |
| 10 | മലപ്പുറം | 128 | 88 | 248 |
| 11 | കോഴിക്കോട് | 57 | 75 | 138 |
| 12 | വയനാട് | 23 | 28 | 51 |
| 13 | കണ്ണൂർ | 27 | 35 | 138 |
| 14 | കാസർഗോഡ് | 60 | 69 | 137 |